## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ കെ കെ അബ്ദുൾ ജലീലിന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.1557/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 28/04/2016.

---

പരാമർശം : 1. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04.04.2013 ലെ ഇ 5-18075/2011 നമ്പർ നടപടിക്രമങ്ങൾ

2. പഞ്ചായത്ത് ഡയറക്ടറുടെ 27.10.2015 ലെ ഇ 6- 5705/നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമ പഞ്ചായത്താഫീസിലെ ശ്രീ കെ കെ അബ്ദുൾ ജലീലിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.-

2. ശ്രീ കെ കെ അബ്ദുൾ ജലീൽ 13.06.2001ൽ പ്യൂണായി സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് തസ്തികമാറ്റം വഴി 13.10.2006 ന് ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുകയും ചെയ്തു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിക്കാത്തതിനാൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടിയാന്റെ പ്രൊബേഷൻ കാലയളവ് ടിയാനെടുത്ത 162 ദിവസം ഒഴിവാക്കി 23.03.2009 മുതൽ ഒരു വർഷത്തേക്ക് പരാമർശം 1 പ്രകാരം ദീർഘിപ്പിച്ച് നല്കിയിരുന്നു. ടിയാന്റെ നിയമനം ക്രമവല്ക്കരിച്ചിട്ടുണ്ട്. 13.01.2011ൽ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ചു. ആയതിനാൽ തൊട്ടടുത്ത ദിവസമായ 14.01.2011 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക്

പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 15.01.2011 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

3. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ കെ കെ അബ്ദുൾ ജലീൽ, എം. ഒ. പി പരീക്ഷ വിജയിച്ച 13.01.2011 ന്റെ തൊട്ടടുത്ത ദിവസമായ 14.01.2011 ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 15.01.2011 വരെ കെ. എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ( പഞ്ചായത്ത് ഡയറക്ടർ മുഖന്തിരം)
സെക്രട്ടറി, കോട്ടത്തറ ഗ്രാമപഞ്ചായത്താഫീസ്, എറണാകുളം( പഞ്ചായത്ത് ഡയറക്ടർ മുഖന്തിരം)
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 146/ഇപിഎ 1/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ